ഇ-മലയാളിയുടെ ഓണപൂക്കൂടയിലേക്ക്

# ഓണാതിഥി

സുധീർ പണിക്കവീട്ടിൽ

അത്തപൂവ്വിട്ട് മെഴുകാൻ
എന്നുള്ളിൽ ഇടം തേടികൊണ്ട-
നുരാഗ പൂങ്കുലയേന്തി
അഴകോലും പെൺകൊടി വന്നു.

വെയിലാട ചുറ്റിയുടുത്ത്
കാർകൂന്തൽ കോതിമിനുക്കി
ചുണ്ടത്തൊരു ചിരി മറ വച്ച്
അവളാരും കാണാതെത്തി

തൊടുക്കുറികൾ കൈമാറുമ്പോൾ
അർഘ്യാദി പൂജക്കായി
കരളിന്റെ കോവിലിൽ നിന്നും
പൂവമ്പനൊരുങ്ങിയടുത്തു

ത്രുക്കാക്കരയപ്പനുടഞ്ഞു
തുമ്പപൂ ചിന്നി ചിതറി
നാക്കിലയിൽ ഓണകോടി
നാണം പൂണ്ടൊളിച്ചിരുന്നു

പൂജിച്ച ചന്ദന ഗന്ധം
ഉയരുന്ന സുഗന്ധധൂമം
ഓണത്തിനല്ല ഞങ്ങൾ
പ്രേമത്തിൻ പുത്തരി കുത്തി

ശുഭം